## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 3236**

**21/12/2012-ൽ**
**മറുപടിയ്ക്ക്**

### ഹിൽ ഏരിയാ ഡവലപ്പ്മെന്റ് ഏജൻസി കോഴിക്കോട് ജില്ലയിലെ പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ** | **ശ്രീ. കെ. സി. ജോസഫ്**<br>ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി |
| (എ) ഹിൽ ഏരിയാ ഡവലപ്പ്മെന്റ് ഏജൻസി വഴി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാം; | (എ) ഹിൽ ഏരിയാ ഡവലപ്പ്മെന്റ് ഏജൻസി വഴി നബാർഡ് സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ് പദ്ധതി പ്രകാരം റോഡ്, കേന്ദ്ര സർക്കാർ സഹായത്തോടെ പരിസ്ഥിതി സൗഹൃദ ചെറുകിട കുടിവെള്ള പദ്ധതി, ചെറിയ അരുവികളിൽ തടയണ നിർമ്മാണം, സ്റ്റേറ്റ് പ്ലാനിൽ പഴം, പച്ചക്കറി വികസന പ്രോജക്ട് എന്നീ സ്കീമുകളിൽപ്പെട്ട പ്രവൃത്തികളാണ് കോഴിക്കോട് ജില്ലയിൽ നടത്താനുദ്ദേശിക്കുന്നത്. നടത്താനുദ്ദേശിക്കുന്ന പ്രവൃത്തികൾ അന്തിമമായി തീരുമാനിച്ചിട്ടില്ല. |
| (ബി) അവ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (ബി) പ്രവൃത്തികളുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും തയ്യാറാക്കി വരുകയും ലഭിച്ച എസ്റ്റിമേറ്റുകളും പ്രൊപ്പോസലുകളും പരിശോധിച്ചു വരുകയുമാണ്. |
| (സി) പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (സി) പ്രവൃത്തികൾ ആരംഭിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുകയാണ്. ആർ.ഐ.ഡി.എഫ് സ്കീം പ്രകാരമുള്ള പ്രോജക്ടുകൾ പ്രവൃത്തികൾക്ക് നബാർഡിന്റെ അംഗീകാരം ആവശ്യമാണ്. അതിനുള്ള എസ്റ്റിമേറ്റും പ്രൊപ്പോസലും ഫീൽഡ് തലത്തിൽ തയ്യാറാക്കിവരുന്നു. |

Bijumon
സെക്ഷൻ ഓഫീസർ